<u>15 -ാം കേരള നിയമസഭ</u>

<u>11 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6485</u> <u>10-07-2024 - ൽ മറുപടിയ്ക്ക്</u>

<u>പട്ടികജാതി വിഭാഗങ്ങളിൽപ്പെടുന്നവർക്ക് നൽകി വരുന്ന സാമ്പത്തിക ആനുകൂല്യങ്ങൾ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം. എം. മണി** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി വിഭാഗങ്ങളിൽപ്പെടുന്നവർക്ക് നൽകിവരുന്ന സാമ്പത്തിക ആനുകൂല്യങ്ങൾ എന്തൊക്കെയാണ്; ഓരോ പദ്ധതിയും അവയുടെ മാനദണ്ഡങ്ങളും സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ; | (എ) | പട്ടികജാതി വിഭാഗങ്ങളിൽപ്പെടുന്നവർക്ക് നൽകി വരുന്ന സാമ്പത്തിക ആനുകൂല്യങ്ങളും അവയുടെ മാനദണ്ഡങ്ങളും **അനുബന്ധം - I** ആയി ചേർക്കുന്നു. |
| (ബി) | 2021 മുതൽ നാളിതുവരെ മരണാനന്തര ആനുകൂല്യങ്ങൾക്കായി ഇടുക്കി ജില്ലയിൽ നിന്നും എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും എത്ര പേർക്ക് ധനസഹായം നൽകിയെന്നും സംബന്ധിച്ച വിശദാംശം വർഷം തിരിച്ച് നൽകാമോ? | (ബി) | 2021 മുതൽ നാളിതുവരെ മരണാനന്തര ആനുകൂല്യങ്ങൾക്കായി ഇടുക്കി ജില്ലയിൽ നിന്നും ലഭിച്ചിട്ടുള്ള അപേക്ഷകൾ, ധനസഹായം അനുവദിച്ചത് എന്നിവ സംബന്ധിച്ച വിശദാംശം വർഷം തിരിച്ച് **അനുബന്ധം - II ആയി ചേർക്കുന്നു.** |

സെക്ഷൻ ഓഫീസർ

# അനുബന്ധം I

1. **പ്രീ പ്രൈമറി വിദ്യാഭ്യാസം (നഴ്സറി സ്കൂൾ)**

പട്ടികജാതി വികസന വകുപ്പ് നടത്തിവരുന്ന നഴ്സറി സ്കൂളുകളിൽ പ്രവേശനം നേടുന്ന ഓരോ വിദ്യാർത്ഥിക്കും പ്രതിദിന ഫീഡിംഗ് ചാർജ്, യൂണിഫോം ഗ്രാന്റ്, ലംപ്സം ഗ്രാന്റ് എന്നിവ നൽകുന്നു.

2. **പ്രീമെട്രിക് വിദ്യാഭ്യാസം (10-ാം ക്ലാസ്സ് വരെ)**

സംസ്ഥാനത്തെ എല്ലാ സർക്കാർ, സർക്കാർ എയ്ഡഡ്, സർക്കാർ അംഗീകൃത അൺ എയ്ഡഡ് സ്കൂളിലും പഠിക്കുന്ന പട്ടികജാതി വിഭാഗ വിദ്യാർത്ഥികൾക്ക് സ്റ്റേറ്റ് പ്രീമെട്രിക്ക് സ്കോളർഷിപ്പ് (ലംപ്സം ഗ്രാന്റ്, 8 ആം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾക്ക് പ്രൈമറി/സെക്കന്ററി എഡ്യുക്കേഷൻ എയിഡ്, ദുർബല വിഭാഗത്തിൽ പെട്ട കുട്ടികൾക്ക് പ്രതിമാസ സ്റ്റൈപന്റ്, അംഗീകൃത അൺ എയിഡഡ് സ്കൂളുകളിൽ പഠിക്കുന്നവർക്ക് ട്യൂഷൻ ഫീസ്- റീ-ഇംബേഴ്സ്മെന്റ്), സെൻട്രൽ പ്രീമെട്രിക് സ്കോളർഷിപ്പ് (2 .5 ലക്ഷം വരെ വാർഷിക വരുമാനമുള്ള 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, സംസ്ഥാനത്തെ സർക്കാർ/ എയ്ഡഡ്/ അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിൽ 1 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളിൽ ആരോഗ്യഹാനിക്കിടയാക്കുന്ന തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരുടെ ആശ്രിതരായവർക്ക് വരുമാനം ബാധകമല്ലാതെ സ്കോളർഷിപ്പ്) എന്നിവ നൽകി വരുന്നു.

3. **അയ്യൻകാളി മെമ്മോറിയൽ ടാലന്റ് സെർച്ച് & ഡവലപ്മെന്റ് സ്കോളർഷിപ്പ്**

4, 7 ക്ലാസ്സുകളിൽ ലഭിച്ച ഗ്രേഡിന്റെയും പാഠ്യേതര പ്രവർത്തനങ്ങളിലെ മികവിന്റെയും അടിസ്ഥാനത്തിൽ മികച്ച പഠന നിലവാരം പുലർത്തുന്ന വിദ്യാർത്ഥികളിൽ നിന്നും കുടുംബവാർഷിക വരുമാനം കൂടി പരിഗണിച്ച് തെരഞ്ഞെടുക്കപ്പെടുന്നവർക്ക് പ്രതിവർഷം സ്കോളർഷിപ്പ് നൽകുന്ന പ്രത്യേക പദ്ധതി. ക്ലാസ് 5 ലും ക്ലാസ് 8 ലുമാണ് വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത്. തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികൾക്ക് നിബന്ധനകൾക്കു വിധേയമായി ക്ലാസ് 10 വരെ പദ്ധതിയിൽ തുടരാം. പദ്ധതി പ്രകാരം അപേക്ഷിക്കുന്നതിനുള്ള വാർഷിക വരുമാന പരിധി 1 ലക്ഷം രൂപ. വാർഷിക വരുമാനം 12,000/- രൂപയിൽ താഴെയുള്ളവർക്ക് മേശയും കസേരയും വാങ്ങുന്നതിന് ഒറ്റത്തവണ ധനസഹായവും ഇവർക്ക് പോഷകാഹാരം ലഭ്യമാക്കുന്നതിനായി 10 മാസത്തേക്ക് പ്രതിമാസ ധനസഹായവും നൽകുന്നു.

4. **പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്**

സർക്കാർ/എയ്ഡഡ്/സ്വാശ്രയ/പ്രൊഫഷണൽ സ്ഥാപനങ്ങൾ, ദേശീയ പ്രാധാന്യമുള്ള സ്ഥാപനങ്ങൾ, ഡീംഡ് യൂണിവേഴ്സിറ്റികൾ, സ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയ സ്ഥപനങ്ങളിലെ എല്ലാ അംഗീകൃത കോഴ്സുകൾക്കും മെറിറ്റ് റിസർവേഷൻ അടിസ്ഥാനത്തിൽ പ്രവേശനം നേടുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ട്യൂഷൻ ഫീസ്, എക്സാം ഫീസ്, സ്പെഷ്യൽ ഫീസ്, ഒറ്റത്തവണയായി സ്റ്റേറ്റ് അക്കാദമിക്ക് അലവൻസ്, ഹോസ്റ്റൽ ഫീസ് എന്നിവ നൽകുന്നു. കൂടാതെ എംഫിൽ, പി.എച്ച്.ഡി തുടങ്ങിയ കോഴ്സുകൾ പഠിക്കുന്നതും, യു.ജി.സി പാസാകാത്തവരുമായ പട്ടികജാതി വിദ്യാർത്ഥികൾക്ക് കാലാകാലങ്ങളിൽ യു.ജി.സി അനുവദിക്കുന്ന തുകയുടെ 75% നിരക്കിൽ ഫെലോഷിപ്പും കണ്ടിജന്റ് ഗ്രാന്റും നൽകുന്നു. ഇപ്രകാരം ഫെലോഷിപ്പ് ലഭിക്കുന്നതിന് അപേക്ഷ സമർപ്പിക്കുന്നതിനുള്ള ഉയർന്ന പ്രായപരിധി 40 വയസ്സായും ആനുകൂല്യം ലഭിക്കുന്നതിനുള്ള ഉയർന്ന പ്രായപരിധി 45 വയസ്സായും നിശ്ചയിച്ചിട്ടുണ്ട്.

ഈ പദ്ധതിക്ക് കീഴിൽ ചില വിദ്യാർത്ഥികൾ കേന്ദ്രാവിഷ്കൃത പദ്ധതിയുടെ പരിധിയിൽ വരുന്നവരാണ്. അവർക്ക് 2.5 ലക്ഷം രൂപ വാർഷിക വരുമാന പരിധി നിശ്ചയിച്ചിട്ടുണ്ട്. ഇവർക്ക് സെൻട്രൽ അക്കാദമിക്ക് അലവൻസ് ലഭിച്ചു വരുന്നു. ഇത് സംസ്ഥാനം നിശ്ചയിച്ചിട്ടുള്ള സ്റ്റേറ്റ് അക്കാഡമിക് അലവൻസിനെക്കാൾ കുറവാകുന്ന പക്ഷം ശേഷിക്കുന്ന തുക അഡീഷണൽ സ്റ്റേറ്റ് അലവൻസ് എന്ന പേരിൽ സംസ്ഥാനം നൽകുന്നു.

5. **പ്രത്യേക പ്രോത്സാഹന സമ്മാനം (Special Incentive Scheme for SC students)**

വിവിധ വാർഷിക പരീക്ഷകളിൽ ഉന്നത വിജയം നേടുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ് നൽകുന്ന പദ്ധതി. 80 മുതൽ 100 ശതമാനംവരെ മാർക്ക് അല്ലെങ്കിൽ വിവിധ വിഷയങ്ങളിൽ എ+, എ ഗ്രേഡ് ലഭിക്കുന്നവർക്കും 60 മുതൽ 79 ശതമാനം വരെ മാർക്ക് അല്ലെങ്കിൽ വിവിധ വിഷയങ്ങളിൽ ബി ഗ്രേഡ് ലഭിക്കുന്നവർക്കും വ്യത്യസ്ത നിരക്കുകളിലാണ് സമ്മാനം നൽകുന്നത്.

6. **പാരലൽ കോളേജ് പഠനത്തിനുള്ള ധനസഹായം**

സർക്കാർ / എയ്ഡഡ് സ്ഥാപനങ്ങളിൽ പ്ലസ്ടു, ഡിഗ്രി, പി. ജി. കോഴ്സുകളിൽ പ്രവേശനം ലഭിക്കാത്ത പട്ടികജാതി വിദ്യാർത്ഥികൾക്ക് പാരലൽ കോളേജ് പഠനത്തിന് റെഗുലർ സ്ഥാപനങ്ങളിൽ പഠിക്കുന്നവരുടെ നിരക്കിൽ ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ്, ട്യൂഷൻ ഫീസ്, പരീക്ഷാ ഫീസ് എന്നിവ അനുവദിക്കുന്നു.

7. **ലാപ്ടോപ്പ് വാങ്ങുന്നതിന് ധനസഹായം**

വകുപ്പിൽ നിന്നും വിദ്യാഭ്യാസാനുകൂല്യം നൽകുന്ന ബി.ടെക്, എം.ടെക്, എം.സി.എ, പോളിടെക്നിക്ക്, ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ സയൻസ്, ബി.എസ്.സി കമ്പ്യൂട്ടർ സയൻസ്, എം.എസ്.സി കമ്പ്യൂട്ടർ സയൻസ്, എം എസ് സി ഇലക്ട്രോണിക്സ്, എം.ബി.ബി.എസ്, ബി.ഡി.എസ്, ബി.എ.എം.എസ്, ബി.എച്ച്.എം.എസ്, ബി.വി.എസ്.സി ആന്റ് എ.എച്ച്, ബി.ആർക്ക്, എം.ഫിൽ, പി.എച്ച്.ഡി, പോളിടെക്നിക്ക്, കമ്പ്യൂട്ടർ എഞ്ചിനീയറിംഗ്, ഇൻഫർമേഷൻ ടെക്നോളജി, ഹാർഡ് വെയർ മെയിന്റനൻസ്, കമ്പ്യൂട്ടർ ആപ്ലിക്കേഷൻ എന്നീ കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങുന്നതിനായി ധനസഹായം അനുവദിക്കുന്നു.

8. **സ്റ്റെതസ്കോപ്പ് വാങ്ങുന്നതിന് ധനസഹായം**

ഒന്നാം വർഷ എം.ബി.ബി.എസ്, ബി.ഡി.എസ് വിദ്യാർത്ഥികൾക്ക് സ്റ്റെതസ്കോപ്പ് വാങ്ങുന്നതിന് ധനസഹായം നൽകുന്നു.

9. **വിദേശത്തു പഠിക്കുന്നവർക്കുള്ള ധനസഹായം**

വിദേശ പഠനത്തിന് പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് ഡയറക്ടറേറ്റ് തലത്തിൽ സ്കോളർഷിപ്പ് അനുവദിക്കുന്നു.

10. **എഞ്ചിനീയറിംഗ്, മെഡിക്കൽ കോഴ്സുകൾക്ക് അഡ്മിഷൻ ലഭിച്ചവർക്ക് പ്രാഥമിക ചെലവിന് ഗ്രാന്റ്:-** എഞ്ചിനീയറിംഗ്/മെഡിക്കൽ കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചവർക്ക് പ്രാഥമിക ചെലവുകൾക്ക് തുക അനുവദിക്കുന്നു. ഇ-ഗ്രാന്റ്സ് പ്രൊഫൈൽ മുഖേന ഓൺലൈനായി അപേക്ഷ സമർപ്പിക്കണം. വരുമാന പരിധി 1 ലക്ഷം രൂപ.

11. **വിംഗ്സ്**

തിരുവനന്തപുരത്തുള്ള രാജീവ് ഗാന്ധി ഏവിയേഷൻ അക്കാഡമിയിൽ പൈലറ്റ് പരിശീലന കോഴ്സിൽ പ്രവേശനം നേടുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ലഭ്യമാക്കുന്നു.

12. **പഠനയാത്ര പര്യടന പരിപാടി**

സംസ്ഥാനത്ത് ഹയർ സെക്കണ്ടറി, ബിരുദം, ബിരുദാനന്തര ബിരുദം. പ്രൊഫഷണൽ കോഴ്സുകൾ എന്നിവ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ സംഘടിപ്പിക്കുന്ന പഠനയാത്രയിൽ പങ്കെടുക്കുന്ന പട്ടികജാതി വിഭാഗം

വിദ്യാർത്ഥികൾക്കുള്ള പരമാവധി ചെലവ് 4000 രൂപയായി നിജപ്പെടുത്തി ധനസഹായം നൽകുന്നു.

**13. ബിരുദ/ബിരുദാനന്തരബിരുദ കലാകോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന പരിശീലനോപകരണങ്ങൾ/ ഉപാധികൾ വാങ്ങുന്നതിന് ധനസഹായം**

കലാവിഷയത്തിൽ കേരളത്തിലെ വിവിധ യൂണിവേഴ്സിറ്റികൾ നടത്തുന്ന കോഴ്സുകൾ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് അവരുടെ പഠനത്തിനാവശ്യമായ ഉപകരണങ്ങൾ/ ആടയാഭരണങ്ങൾ വാങ്ങുന്നതിന് ധനസഹായം നൽകുന്നു.

**14. പ്രീമെട്രിക് ഹോസ്റ്റലുകൾ**

ബ്ലോക്ക്/മുനിസിപ്പൽ കോർപ്പറേഷൻ എന്നിവയ്ക്ക് കൈമാറിയ ഹോസ്റ്റലുകളിലെ വിദ്യാർത്ഥികൾക്ക് പ്രതിമാസ പോക്കറ്റ് മണി 200/- രൂപ, അവധി ദിവസങ്ങളിൽ വീട്ടിൽ പോയിവരുന്നതിന് യാത്രാപ്പടി എന്നീ ആനുകൂല്യങ്ങൾ നൽകുന്നു. 5-ാം ക്ലാസ്സ് മുതൽ അഡ്മിഷൻ നൽകുന്നു.

**15. സബ്സിഡൈസ്ഡ് ഹോസ്റ്റൽ**

വിവിധ സ്ഥലങ്ങളിലെ സന്നദ്ധ സംഘടനകൾ നടത്തുന്ന 7 ഹോസ്റ്റലുകളിലെ അന്തേവാസികൾക്ക് 1000 രൂപ പ്രതിമാസ ബോർഡിംഗ് ഗ്രാന്റും 750/- രൂപ യൂണിഫോം അലവൻസും നൽകി വരുന്നു.

**16. പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ**

വകുപ്പ് നടത്തുന്ന പോസ്റ്റ് മെട്രിക്ക് ഹോസ്റ്റലുകളിലെ അന്തേവാസികൾക്ക് ഓണം, ക്രിസ്മസ് അവധിക്കാലങ്ങളിൽ വീട്ടിൽ പോയി വരുന്നതിന് യാത്രാബത്തയും പോക്കറ്റ് മണിയായി പ്രതിമാസം 200/-രൂപയും നൽകുന്നു. സർക്കാർ കോളേജ്, ഹോസ്റ്റലുകൾ, അംഗീകൃത എയ്ഡഡ് കോളേജ് ഹോസ്റ്റലുകൾ, സ്വാശ്രയ കോളേജുകളിലെ അംഗീകൃത ഹോസ്റ്റലുകൾ എന്നിവയിൽ അഡ്മിഷൻ നേടിയിട്ടുള്ള വിദ്യാർത്ഥികൾക്കും ആനുകൂല്യം നൽകുന്നു.

**17. മെഡിക്കൽ എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയ്ക്ക് പ്രത്യേക പരിശീലനം**

എസ്.എസ്.എൽ.സി പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും ബി പ്ലസിൽ കുറയാത്ത ഗ്രേഡ് ലഭിച്ച വിദ്യാർത്ഥികൾക്ക് മെഡിക്കൽ / എഞ്ചിനീയറിംഗ് പരീക്ഷയ്ക്ക്

ദീർഘകാല കോച്ചിംഗിന് 20,000/-രൂപ വരെ ധനസഹായം നൽകുന്നു. ജില്ലാ പട്ടികജാതി വികസന ഓഫീസറും ജില്ലാ കളക്ടറും അടങ്ങുന്ന സമിതി തിരഞ്ഞെടുക്കുന്ന സ്ഥാപനത്തിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ധനസഹായം അനുവദിക്കുന്നതാണ്. രക്ഷിതാക്കളുടെ വാർഷിക വരുമാന പരിധി 6 ലക്ഷം രൂപ.

**18. പ്ലസ്ടു പഠനത്തിനു ശേഷമുള്ള എൻട്രൻസ് കോച്ചിംഗ്**

പ്ലസ്ടു പരീക്ഷയിൽ ബി പ്ലസ് കുറയാത്ത ഗ്രേഡ് വാങ്ങുകയും ജില്ലാ പട്ടികജാതി വികസന ഓഫീസറും ജില്ലാ കളക്ടറും അടങ്ങുന്ന സമിതി തിരഞ്ഞെടുക്കുന്ന സ്ഥാപനങ്ങളിൽ പഠിക്കുന്നതുമായ പട്ടികജാതി വിഭാഗ വിദ്യാർത്ഥികൾക്ക് 54,000/- രൂപ പ്ലസ്ടു പഠനത്തിനു ശേഷം മെഡിക്കൽ എഞ്ചിനീയറിംഗ് പ്രവേശന പരിശീലനത്തിനായി അനുവദിച്ചു നൽകുന്നു. 6,00,000/- രൂപയാണ് വാർഷിക വരുമാന പരിധി.

**19. ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ (ഐ.ടി.ഐ.കൾ)**

വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഐ.ടി.ഐ. കളിൽ നിന്ന് 80% ത്തിൽ കുറയാതെ ഹാജരോടുകൂടി പരിശീലനം പൂർത്തിയാക്കി ആൾ ഇന്ത്യ ട്രേഡ് ടെസ്റ്റിൽ വിജയിക്കുന്ന തെരഞ്ഞെടുക്കപ്പെടുന്ന പരിശീലനാർത്ഥികൾക്ക് ഫീസ് സൗജന്യം ഒന്നാം വർഷം 1000/- രൂപ നിരക്കിലും രണ്ടാം വർഷം 800 രൂപ നിരക്കിലും ലംപ്സം ഗ്രാന്റും 800/- രൂപ പ്രതിമാസ സ്റ്റൈപ്പന്റും കൂടാതെ യൂണിഫോം അലവൻസ് 900/- രൂപയും നൽകി വരുന്നു.

20. **ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവീസസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി തിരുവനന്തപുരം**

പട്ടികജാതി വിഭാഗ വിദ്യാർത്ഥികൾക്ക് സിവിൽ സർവ്വീസ് പരീക്ഷ പരിശീലനം നടത്തിവരുന്നു. ഈ പരിശീലന പരിപാടി ലക്ഷ്യ സ്കോളർഷിപ്പ് എന്ന പേരിൽ അറിയപ്പെടുന്നു. പ്രവേശനപരീക്ഷയും ഇന്റർവ്യൂവും നടത്തി അപേക്ഷകരിൽ നിന്നും 60 ഉദ്യോഗാർത്ഥികളെ തെരെഞ്ഞെടുക്കുന്നു. അതിൽ 25% സീറ്റുകൾ (15 എണ്ണം) ദുർബല വിഭാഗക്കാർക്ക് സംവരണം ചെയ്തിരിക്കുന്നു. മെഡിക്കൽ/എഞ്ചിനീയറിംഗ്, പി.ജി, ഡിഗ്രി എന്നീ കോഴ്സുകളിൽ ഉയർന്ന മാർക്കോടെ തെരെഞ്ഞെടുക്കപ്പെടുന്നവർക്ക് കോഴ്സ് ഫീസ്, ബുക്ക് കിറ്റ് അലവൻസ്, പ്രതിമാസ സ്റ്റൈപന്റ്, പോക്കറ്റ് മണി എന്നിവ നൽകുന്നതാണ്.

**21. സ്വയംതൊഴിൽ പദ്ധതി** – വ്യക്തികൾക്ക് 3 ലക്ഷം വരെയുള്ള വായ്പകൾക്ക് വായ്പ തുകയുടെ 1/3 സബ്സിഡി നൽകുന്ന പദ്ധതി ബാങ്കുകളുമായിച്ചേർന്ന് നടപ്പിലാക്കുന്നു. ബാങ്ക്

അംഗീകരിക്കുന്ന ഏത് സ്വയം തൊഴിൽ സംരംഭവും തുടങ്ങാം. പ്രായം 18–50, വിദ്യാഭ്യാസ യോഗ്യത 7–ാം ക്ലാസ്സ്.

22. **അഭിഭാഷകർക്ക് ധനസഹായം**

നിയമ വിദ്യാഭ്യാസം കഴിഞ്ഞ് എൻറോൾ ചെയ്ത് അഭിഭാഷകനായി പരിശീലനം ചെയ്യുന്നതിന് 3 വർഷത്തേയ്ക്ക് ധനസഹായം നൽകുന്നു. എൻറോൾമെന്റ് ഫീസ്, യൂണിഫോം, പുസ്തകം എന്നിവ വാങ്ങുന്നതിനുള്ള ചെലവ്, മുറി വാടക എന്നിവ നൽകി വരുന്നു.

23. **സാങ്കേതിക വിദ്യാഭ്യാസം ലഭിച്ചവർക്ക് അപ്രന്റിസ്ഷിപ്പ്**

ഐ.ടി.ഐ ഡിപ്ലോമ, എഞ്ചിനീയറിംഗ്, ഡിഗ്രി എന്നിവ പാസായവർക്ക് 5700/– രൂപ പ്രതിമാസ സ്റ്റൈപ്പന്റോടെ അപ്രന്റിസ്ഷിപ്പ്.

24. **ടൂൾ കിറ്റ്**

വകുപ്പിന്റെ ഐ.ടി.ഐകളിൽ വിവിധ ട്രേഡുകളിൽ വിജയകരമായി പരിശീലനം പൂർത്തീകരിക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന്റെ ഭാഗമായി പണിയായുധങ്ങൾ വാങ്ങുന്നതിന് ഗ്രാന്റ് നൽകുന്നു.

25. **വിദേശത്ത് തൊഴിൽ നേടുന്നതിന് സാമ്പത്തിക ധനസഹായം**

അഭ്യസ്തവിദ്യരും ഏതെങ്കിലും തൊഴിൽ മേഖലയിൽ നൈപുണ്യവും പരിശീലനവും ലഭിച്ച പട്ടികജാതി യുവതി യുവാക്കൾക്ക് വിദേശത്ത് തൊഴിൽ നേടുന്നതിന് യാത്രയ്ക്കും വിസ സംബന്ധമായ ചെലവുകൾക്കുമായി 1,00,000/– രൂപ വരെ ധനസഹായം നൽകുന്നു. ഇന്ത്യൻ പാസ്പോർട്ട്, വിദേശ തൊഴിൽ ദാതാവിൽ നിന്നും ലഭിച്ച തൊഴിൽ കരാർ പത്രം, വിസ എന്നിവ സഹിതം അപേക്ഷ നൽകേണ്ടതാണ്. 2,50,000/– രൂപയിൽ താഴെ വാർഷിക വരുമാനമുള്ള 20 നും 50 നും മദ്ധ്യേ പ്രായമുള്ളവർ അപേക്ഷിക്കാൻ അർഹരാണ്.

26.. **സ്വാശ്രയ സംഘങ്ങൾക്കും വനിതാ സംഘങ്ങൾക്കും തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതി**

പത്തോ അതിൽ കൂടുതലോ പട്ടികജാതി വിഭാഗക്കാർ അംഗങ്ങളായുള്ള സ്വാശ്രയ സംഘങ്ങൾക്കും 80 ശതമാനമോ അതിനുമുകളിലോ പട്ടികജാതി വിഭാഗക്കാർ അംഗങ്ങളായുള്ള വനിതാ സ്വാശ്രയ സംഘങ്ങൾക്കും സ്വയം തൊഴിൽ സംരംഭങ്ങൾ

ആരംഭിക്കുന്നതിന് പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 75 ശതമാനം തുക (പരമാവധി 10 ലക്ഷം രൂപ) സംഘങ്ങളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ഈ പദ്ധതി പ്രകാരം അനുവദിച്ച് നൽകുന്നു.

1. പരമാവധി 15 ലക്ഷം രൂപ വരെ മുതൽ മുടക്കുള്ള പ്രോജക്ടുകളായിരിക്കും പരിഗണിക്കുന്നത്.
2. പ്രോജക്ടുകളുടെ മുതൽ മുടക്കിന്റെ 25 ശതമാനം ബാങ്ക് ലോൺ ആയി സ്വരൂപിക്കണം.

27. **വിവാഹ ധനസഹായം**

പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് 1,25,000/- രൂപ വിവാഹ ധനസഹായമായി നൽകുന്നു. വരുമാന പരിധി 1,00,000/- രൂപ.

28. **മിശ്ര വിവാഹിതർക്ക് ധനസഹായം**

മിശ്ര വിവാഹിതരായ ദമ്പതിമാർക്ക് (ഒരാൾ പട്ടികജാതിയിൽ പെട്ടയാളും പങ്കാളി പട്ടിക ഇതര സമുദായത്തിൽപ്പെട്ടയാളുമായിരിക്കണം) വിവാഹത്തെത്തുടർന്ന് ഉണ്ടായേക്കാവുന്ന സാമൂഹിക പ്രശ്നങ്ങളെ അതിജീവിക്കാനും തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുമായി 75,000/- രൂപ വരെ ധനസഹായമായി നൽകുന്നു. വിവാഹ ശേഷം ഒരു വർഷം കഴിഞ്ഞ് മൂന്നു വർഷത്തിനകം അപേക്ഷിക്കണം. വരുമാന പരിധി 1,00,000/- രൂപ.

29. **ഭൂരഹിത പുനരധിവാസ പദ്ധതി**

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭൂരഹിതരായ കുടുബങ്ങൾക്ക് ഗ്രാമപ്രദേശത്ത് കുറഞ്ഞത് 5 സെന്റ് ഭൂമിയും മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശത്ത് കുറഞ്ഞത് 3 സെന്റ് ഭൂമിയും വാങ്ങുന്നതിന് ഗ്രാമ / മുനിസിപ്പൽ/കോർപ്പറേഷനുകളിൽ യഥാക്രമം 3,75,000/-, 4,50,000/- , 6,00,000/- രൂപ ഗ്രാന്റായി അനുവദിക്കുന്നു. ഈ തുകയ്ക്ക് ലഭിക്കാവുന്ന പരമാവധി ഭൂമി വാങ്ങേണ്ടതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന ലൈഫ് ലിസ്റ്റിൽ നിന്നാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. പ്രായ പരിധി 70 വയസ്സ് . വരുമാന പരിധി 1,00,000/-രൂപ.

30. **സേഫ് പദ്ധതി (SAFE- Secure Accommodation and Facility Enhancement)**

പട്ടികജാതി വിഭാഗക്കാരുടെ ഭവന പൂർത്തീകരണവും പുനരുദ്ധാരണവും ലക്ഷ്യമിട്ടുകൊണ്ട് ഒരു ലക്ഷം രൂപ വരെ വാർഷിക വരുമാന പരിധിയുള്ളതും 2010

ഏപ്രിൽ 1 ന് ശേഷം ഭവന പൂർത്തീകരണം നടത്തിയിട്ടുള്ളതുമായ പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളെ ഉൾപ്പെടുത്തിയ പദ്ധതി. കഴിഞ്ഞ 5 വർഷത്തിനുള്ളിൽ ഭവന നിർമ്മാണത്തിനോ, ഭവന പുനരുദ്ധാരണത്തിനോ, ഭവനപൂർത്തീകരണത്തിനോ ധനസഹായം ലഭിച്ചവരേയും മുൻ വർഷങ്ങളിൽ അനുവദിച്ച ധനസഹായത്തിന്റെ അവസാന ഗഡു 5 വർഷത്തിനുള്ളിൽ കൈപ്പറ്റിയവരേയും പ്രസ്തുത പദ്ധതിയിൽ പരിഗണിക്കുന്നതല്ല. സേഫ് പദ്ധതി പ്രകാരം ഭവന പൂർത്തീകരണം/പുനരുദ്ധാരണം എന്നിവയ്ക്കായി ആകെ 2 ലക്ഷം രൂപ മൂന്ന് ഗഡുക്കളായി വിതരണം ചെയ്യുന്നു. ഒന്നാം ഗഡു 50,000/- രൂപ, രണ്ടാം ഗഡു 1,00,000/- രൂപ, മൂന്നാം ഗഡു 50,000/- രൂപ എന്നീ ക്രമത്തിലാണ് തുക അനുവദിക്കുന്നത്.

31. **ആരോഗ്യ സുരക്ഷ പദ്ധതി - ചികിത്സാ ധനസഹായം (T-Grantz)**

മാരകമായ രോഗങ്ങൾ ബാധിച്ചവരും അത്യാഹിതങ്ങളിൽപ്പെട്ടവരുമായ 1,00,000/- രൂപയിൽ താഴെ വാർഷിക വരുമാനമുള്ള പട്ടികജാതി വിഭാഗത്തിൽപെട്ടവർക്ക് ആരോഗ്യ സുരക്ഷ പദ്ധതി പ്രകാരം 50,000/- രൂപ വരെ ചികിത്സാധനസഹായം അനുവദിക്കുന്നു. ഹൃദയശസ്ത്രക്രിയ, ക്യാൻസർ, കിഡ്നി തകരാർ മുതലായ ഗുരുതരമായ രോഗങ്ങൾക്ക് പരമാവധി 1,00,000/- രൂപ വരെ ആശുപത്രി മുഖാന്തിരം നൽകുന്നു.

32. **പഠനമുറി**

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗവൺമെന്റ് / എയ്ഡഡ്/ സ്പെഷ്യൽ ടെക്നിക്കൽ സ്കൂളിൽ 5, 6, 7, 8, 9, 10, 11, 12 ക്ലാസുകളിൽ പഠിക്കുന്ന 800 ചതുരശ്ര അടിയിൽ താഴെ വിസ്തീർണ്ണമുള്ള വാസയോഗ്യമായ വീടുകളിൽ താമസിക്കുന്ന വിദ്യാർത്ഥികൾക്ക് പഠന സൗകര്യമൊരുക്കുന്നതിനായി 120 ചതുരശ്ര അടി വിസ്തൃതിയുള്ള പഠനമുറി അനുബന്ധ സൗകര്യങ്ങളോടെ നിർമ്മിക്കുന്നതിന് 2 ലക്ഷം രൂപ ധനസഹായം നൽകുന്നു. കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം രൂപ വരെയായിരിക്കണം. നിർമ്മാണ പുരോഗതിക്കനുസരിച്ച് 4 ഗഡുക്കളായി ധനസഹായം ബാങ്ക് അക്കൗണ്ട് വഴി നൽകുന്നു.

33. **ഏക വരുമാനദായകൻ മരണപ്പെട്ട കുടുംബങ്ങൾക്കുള്ള ധനസഹായം**

പട്ടികജാതി കുടുംബങ്ങളിലെ ഏകവരുമാനദായകനായ വ്യക്തി മരണപ്പെട്ടാൽ കുടുംബങ്ങൾക്ക് ധനസഹായമായി 2,00,000/- രൂപ നൽകുന്നു.

34. **ദുർബല വിഭാഗ പുനരധിവാസ പദ്ധതി** - ഒരു ലക്ഷം രൂപയിൽ താഴെ വരുമാനമുള്ള പട്ടികജാതിയിലെ ദുർബലവിഭാഗക്കാരുടെ (വേടൻ, നായാടി, ചക്ലിയൻ/

അരുന്ധതിയാർ, കള്ളാടി) പുനരധിവാസ പദ്ധതി പ്രകാരം പട്ടികയിൽ പറയുന്ന പദ്ധതികൾക്ക് തുക അനുവദിച്ച് വരുന്നു.

ഭൂമി, വീട് എന്നിവ അനുവദിക്കുന്നത് ലൈഫ് ലിസ്റ്റിൽ നിന്നുള്ള അർഹതപ്പെട്ട ഗുണഭോക്താക്കൾക്കാണ്.

| ക്രമ നം | പദ്ധതിയുടെ പേര് | അനുവദിക്കുന്ന തുക |
|---|---|---|
| 1 | കൃഷി ഭൂമി (കുറഞ്ഞത് 25 സെന്റ്) | 10,00,000/- |
| 2 | കമ്മ്യൂണിറ്റി പഠനമുറി (കെട്ടിടം ഉള്ള സ്ഥലങ്ങളിൽ അടിസ്ഥാന സൗകര്യം, ആവർത്തന ചെലവുകൾ) | 6,80,000/- |
| 3 | കമ്മ്യൂണിറ്റി പഠന മുറി (കെട്ടിടം ഇല്ലാത്ത സ്ഥലങ്ങൾ) | കെട്ടിട നിർമ്മാണത്തിന് പ്രൈസ് എസ്റ്റിമേറ്റ് പ്രകാരം - 6,80,000/- രൂപ (സൗകര്യം, ആവർത്തന ചെലവുകൾക്ക്) |
| 4 | പഠനമുറി (വ്യക്തിഗതം) | 3,00,000/- |
| 5 | കുടിവെള്ളം, വൈദ്യുതി, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ | പ്രൈസ് എസ്റ്റിമേറ്റ് പ്രകാരം |
| 6 | സങ്കേതങ്ങളിലെ വീടുകളുടെ നവീകരണം ബലപ്പെടുത്തൽ | പ്രൈസ് എസ്റ്റിമേറ്റ് പ്രകാരം |
| 7 | വീടിന്റെ അറ്റകുറ്റപ്പണികൾക്ക് (വ്യക്തിഗതം) | 2,50,000/- |
| 8 | ടോയ്‌ലറ്റ് നിർമ്മാണം | 40,000/- |
| 9 | തൊഴിൽ പരിശീലനം, സ്വയം തൊഴിൽ സംരംഭ ധനസഹായം<br>(a)വ്യക്തിഗത സംരംഭം<br>b) ഗ്രൂപ്പ് സംരംഭം | പരിശോധിച്ച് ശുപാർശ ചെയ്യുന്ന പ്രകാരമുള്ള 3 ലക്ഷം രൂപ (100% സബ്സിഡി )<br>പരമാവധി 5 ലക്ഷം രൂപ |
| 10 | ഭൂരഹിത പുനരധിവാസപദ്ധതി - ഗ്രാമപഞ്ചായത്ത് പരിധി -(5 സെന്റ് ഭൂമി വാങ്ങുന്നതിനായി)<br>- മുനിസിപ്പാലിറ്റി പരിധി - (3 സെന്റ് ഭൂമി വാങ്ങുന്നതിനായി )<br>- കോർപറേഷൻ പരിധി - (3 സെന്റ് ഭൂമി വാങ്ങുന്നതിനായി | 5,00,000/-<br>6,00,000/-<br>7,50,000/- |
| 11 | ഭവന നിർമ്മാണം | 6,00,000/- |

# അനുബന്ധം – II

| വർഷം | ലഭിച്ച അപേക്ഷകളുടെ എണ്ണം | അനുമതി ലഭിച്ച അപേക്ഷകളുടെ എണ്ണം | വിതരണം ചെയ്ത അപേക്ഷകളുടെ എണ്ണം |
|---|---|---|---|
| 2021-22 | 34 | 23 | 21 |
| 2022-23 | 41 | 35 | 15 |
| 2023-24 | 35 | 10 | 0 |
| 2024-25 | 4 | 0 | 0 |
| **ആകെ** | 114 | 68 | 36 |